പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 5611 | 02.07.2014- ൽ മറുപടിക്ക് |
|---|---|

<u>പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറി സൗകര്യം</u>

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറി സൗകര്യം ഏർപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതി നിലവിൽ വന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | എ) | ഉണ്ട് സ. ഉ. (അർ. ടി) നം. 3773/2013/ആകവ തീയതി 12-11-2013 പ്രകാരം ആകെ 500 ഉം സ. ഉ. (അർ. ടി) നം. 385/2014/ആകുവ തീയതി 03/02/2014 പ്രകാരം 161 ഉം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ പ്രൈമറി ഹെൽത്ത് ലാബുകൾ സ്ഥാപിക്കുവാൻ ഉത്തരവായിട്ടുണ്ട്. എൻ. ആർ. എച്ച്. എം. മുഖേന പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ (80:20) ആണ് ഈ പദ്ധതി നടപ്പാക്കുന്നത്. |
| ബി) | ഈ പദ്ധതി പ്രകാരം മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മണ്ഡലത്തിൻകീഴിൽ ഏതെല്ലാം പി. എച്ച്. സി. കളിൽ ലാബ് സൗകര്യം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ; | ബി) | സ. ഉ.(ആർ. ടി) നം. 385/2014/ആകുവ തീയതി 03-02-2014 പ്രകാരം ചെലമ്പ്ര പി. എച്ച്. സി. യിലും നെടിയിരുപ്പ് പി. എച്ച്. സി. യിലും പ്രൈമറി ഹെൽത്ത് ലാബുകൾ സ്ഥാപിക്കുവാൻ അനുമതി ലഭിച്ചിട്ടുണ്ട്. |
| സി) | ഇതിന്റെ ദൈനംദിന ചെലവുകളും, സ്റ്റാഫിനെയും എങ്ങനെ കണ്ടെത്തുന്നതിനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | സി) | ലാബിൽ നിന്നും ലഭ്യമാകുന്ന വരുമാനം ഉപയോഗിച്ച് എച്ച്. എം. സി. ആണ് സ്റ്റാഫിനേയും മറ്റ് അനുബന്ധ ചെലവുകളും നിർവ്വഹിക്കേണ്ടത്. |

**സെക്ഷൻ ഓഫീസർ**